പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2687 19.07.2011 - ൽ മറുപടിക്ക്

## മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ :

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് മാതൃകാപരമായി പ്രവർത്തിച്ചു വന്ന മാവേലി സ്റ്റോറുകൾ നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിൽ സഹായകമായ തായി വിലയിരുത്തുന്നുണ്ടോ;

(ബി) വിലക്കയറ്റം തുടരുന്ന സാഹചര്യത്തിൽ ഓരോ പഞ്ചായത്തിലും രണ്ടു മാവേലി സ്റ്റോറുകൾ വീതം ഈ വർഷം അധികമായി ആരംഭിക്കുവാൻ നടപടി കൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്
(ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഉണ്ട്.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായ ത്തുകൾക്ക് മുൻഗണന നൽകിയാണ് സാമൂഹികമായും വാണിജ്യപരമായും ഗുണകരമായ സ്ഥലങ്ങളിൽ ഇപ്പോൾ മാവേലി സ്റ്റോറുകൾ അനുവദിച്ചു വരുന്നത്. നിലവിലുള്ള വിൽപ്പനശാ ലകളുടെ പ്രവർത്തനം കൂടുതൽ വിപു ലവും ഊർജ്ജിതവുമാക്കി വിലക്കയ റ്റത്തെ നേരിടാൻ കഴിയും. സാമൂഹി കമായി ഗുണകരമായ സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ കൂടുതൽ വിൽപ്പന ശാലകൾ ഓരോ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജീവനക്കാ രുടെ അഭാവം ഇപ്പോൾ നിലവിലുള്ള വിൽപ്പന ശാലകളുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്നതിനാൽ അടിയന്തി രമായി ജീവനക്കാരുടെ ലഭ്യത വർദ്ധി പ്പിക്കാനുള്ള നടപടികൾ എടുത്തു വരികയാണ്. ഇതിനുശേഷം മാത്രമേ എല്ലാ പഞ്ചായത്തുകളിലും 2 മാവേലി സ്റ്റോർ അനുവദിക്കുകയെന്ന നിർദ്ദേശം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ